## ജി.എച്ച്.എസ്.എസ്. എടപ്പാൾ

### എടപ്പാൾ പി.ഒ, മലപ്പുറം

# ദർപ്പണം



## ലിറ്റിൽ കൈറ്റ്സ്

### ഡിജിറ്റൽ മാഗസിൻ

# MIRROR

**BEAUTY IS ETERNITY GAZING AT ITSELF IN A MIRROR**



# ആമുഖം

കേരളത്തിൽ ഏറ്റവും കൂടുതൽ നവീകരണം നടന്നുകൊണ്ടിരിക്കുന്ന മേഖലയാണ് സാങ്കേതിക വിദ്യ. മഹത്തായ ഒരു ശാസ്ത്രസമ്പത്തും വിജ്ഞാന സമ്പത്തും ലോക സാങ്കേതിക വിദ്യക്കുണ്ട് . കുരുന്ന് ഹൃദയങ്ങളിൽ തുടങ്ങി മുതിർന്നവരുടെ വിരൽ തുമ്പുകൾ വരെ നീണ്ട് കിടക്കുന്ന ഈ സാങ്കേതിക വിദ്യയിൽ ഒരു ഭാഗമാകാൻ it@school നും KITE ന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പ്രവർത്തനക്ഷമമായ littlekites ക്ലബ്ബുകൾക്കും കഴിഞ്ഞിട്ടുണ്ട്.വിദ്യാർത്ഥികളിൽ സാങ്കേതിക വിദ്യയിലുള്ള വിജ്ഞാനം വളർത്തിയെടുക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഞങ്ങളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ കഴിവുകളും ഭാവനകളും പ്രതിഫലിക്കുന്ന ഈ '**ദർപ്പണം**' നിങ്ങളിലേക്ക് ഞങ്ങൾ സമർപ്പിക്കുന്നു.



# ആശംസ



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ '**ദർപ്പണം**' എന്ന ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നതിൽ വളരെയധികം സന്തോഷം തോന്നുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾക്കൊപ്പം സാങ്കേതിക മികവു കൂടി പ്രകടിപ്പിക്കുന്നതിന് വേദിയൊരുക്കിയ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിനും അവരുടെ നൂതന സംരംഭമായ '**ദർപ്പണ**'ത്തിനും എല്ലാ വിധ ആശംസകളും അർപ്പിക്കുന്നു. കൂടാതെ ഈ മാഗസിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ..!

സുനിത. സി.കെ
ഹെഡ്മിസ്ട്രസ്സ്

# എഡിറ്റോറിയൽ

ആധുനിക ലോകത്തിന്റെ വളർച്ച അവിശ്വസനീയമായിക്കൊണ്ടിരിക്കുകയാണ്. അതിൽ വേഗതയേറിയ വളർച്ച കൈവരിച്ചത് വിവര സാങ്കേതിക വിദ്യയാണ്.മലയാളം കീബോർഡ് ലേഔട്ടും സിസ്റ്റം ഭാഷയും കൈയ്യടക്കിയ കാലഘട്ടത്തിൽ ആധുനികതയുടെ അവസരങ്ങളും ഞങ്ങളുടെ സുഹൃത്തുക്കളുടെയും അദ്ധ്യാപകരുടെയും കലാസൃഷ്ടികളും സമന്വയിപ്പിച്ച് എടപ്പാൾ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരിക്കുന്ന ഈ മാഗസിൻ നിങ്ങളിൽ പുതിയ അനുഭവങ്ങളും അനുഭൂതികളും പകരും

വിശ്വാസത്തോടെ



ആരതി. എം, IX. A

## താളുകളിലൂടെ......

ആമുഖം......3
ആശംസ......4
എഡിറ്റോറിയൽ......5
അമ്പിളി അമ്മാവനോട്......7
കുഞ്ഞുപൂവിന്റെ വിഷാദം......8
യാത്രാമൊഴി......9
പുകച്ചുരുളിൽപ്പെട്ട യൗവനം......11
വില്ലൻ......15
ഒന്നുംപറയാതെ......16
സൗഹൃദം......18
കുസൃതി ചോദ്യങ്ങൾ......19
ഉത്തരങ്ങൾ......20
മരണവീട്......22
അങ്ങ് തൈമാവിൽ......23
വാക്ക്......25
മഴപ്പിറ്റേന്ന്......26
കുറുങ്കവിതകൾ......27
മാറ്റങ്ങളുടെ മാറ്റം......28
കുടിവെള്ളം......31
തോരാമഴയത്ത് ഞാൻ......36
മാരിക്കിടാവ്......39
മഴയുടെ വിലാപം......43
യോഗ......44
കുറ്റിക്കണ്ടൽ......45
സ്കൂൾ ലൈബ്രറി......50
നന്ദിപൂർവ്വം......53

## അമ്പിളി അമ്മാവനോട്

മാനത്തുനിന്നും പുഞ്ചിരി തൂകുന്ന
മാമാ പോരൂ നീ താഴോട്ട്
താഴോട്ട് വന്നാൽ താരാട്ടാം
താമര പൊയ്കയിൽ നീരാടാം
താഴെയിറമ്പിലെ തേന്മാവിൻ
കൊമ്പത്ത്
ഊഞ്ഞാലൊന്നു ഞാൻ
കെട്ടിത്തരാം
തന്നാനം പാടി രസിച്ചീടാം....
താളത്തിലാടി കളിച്ചീടാം....
സുന്ദരമായൊരു പൂങ്കവിളിൽ
ഓമന മുത്തവും നൽകീടാം....
പോരൂ പോരൂ വൈകിടാതെ
കാത്തിരിക്കും മന്നിലെന്നും ഞാൻ
മാനത്തുനിന്നും പുഞ്ചിരി തൂകുന്ന
മാമാ പോരൂ നീ താഴോട്ട്



നിർമ്മല.ഇ.വി
H S T Social Science

# കുഞ്ഞുപൂവിന്റെ വിഷാദം

ഒന്നും പറയാതെ......
എന്റെ മധുരിതമായ തേൻ നിന്റെ-
നീണ്ട സൂചിക്കൊക്കുകളാൽ കവർന്നെടുക്കുന്നതെന്തേ....
കുറച്ചൊക്കെ മറ്റുള്ളവർക്കും കൊടുത്തൂടെ.....



അവർക്കും നിന്നെപ്പോലെ
വിശപ്പുണ്ടാവില്ലേ....
എന്നിലേതു മാത്രം നീ
വിശപ്പകറ്റാൻ
വേണ്ടി
ഉപയോഗിക്കുന്നതെന്താണ്
മറ്റുള്ളവരുടേത് കൊള്ളില്ലേ....

ക്ഷമിക്കണം....കുഞ്ഞുപൂവെ.......
ഒരു പക്ഷെ വീട്ടിലെത്താനുള്ള ധൃതി കൊണ്ടായിരിക്കാം
നിന്നോട് അനുവാദം  ചോദിക്കാൻ ഞാൻ
വിട്ടുപോയത്.....
നിൻ മധുരിതമായ തേനിന്റെ രുചികൊ-
ണ്ടായിരിക്കാം... മറ്റുള്ളവരിൽ നിന്നപഹരിക്കുവാൻ എന്റെ
കുഞ്ഞുമനസ്സിൽ-തോന്നാതിരുന്നത്...........

അഭിരാം
8.A

## യാത്രാമൊഴി



അതിർവരമ്പില്ലാത്ത
നഭസ്സുപോലെ
നിർന്നിമേഷവാനാണല്ലോ നീ
ആഴിയുമൂഴിയുമൊന്നായ്ത്തീരുന്ന
നിന്നിലെ സ്വച്ഛമാം
പല്ലവിയിൽ
ജീവാനുരാഗമിന്നിന്ദ്രിയ
ഹേതുവായ്
തീരുന്ന നീയടുത്തെത്തിടുമ്പോൾ
നിന്നെ സ്നേഹിക്കുവാനാഗമിച്ചീടുവാൻ
ഇന്നെന്റെ മാനസം വെമ്പിടുന്നു
ഹേ;സൂരി പറയുക നീയറിവീലല്ലോ
നിന്നിലേക്കെത്തീടുമെൻ ഹൃദന്തം
സ്നേഹാർത്ഥ രാഗമായ് തീരുന്നു-ഞാ-
നിന്റെ ഹാർദ്ദസ്വനമേറ്റിടുമ്പോൾ
പൗർണ്ണമിയായ് പൂർണ്ണ ജ്യോതിസ്സാം
സ്നേഹപങ്കിലമാം വാചികൾ നിൻ
ഇന്നിന്റെ  വാക്കുകൾ നാളെയുടെ നേരുക-
ളൊരശ്വമേധം നയിച്ചിടുന്നു.
നിന്നോർമ്മകളശ്രു ബിന്ദുക്കളാലീറ
നണിയിക്കുന്നുവെൻ മിഴികളെ....


ഹേ; ശാസ്ത്രാ നിന്നെ
സ്നേഹിക്കുവാ-
നാശിച്ച ഹൃദയം
നീയറിവീലല്ലോ.....
സ്നേഹസാഗരം വിട്ടൊഴിയും
കളഹംസമായ്



അകലുന്നയിന്നലെകളെയോർക്കാതെ... നീ.
സമയമതു സായാഹ്നമായ് നിന്നെ തിരയുന്ന
ഞാനിനിയെന്തുചെയ്യുമെന്നോർത്തിടുന്നു.
എൻ മിഴികളെയശ്രുബിന്ദുക്കൾ വിഴുങ്ങുന്നു
ഹൃദന്തമതിലന്ധകാരവും നിറയുന്നു.
പോയിടല്ലെ...നീയിന്നുമെന്നുമീ....
വസുധയുടെ പ്രാണനായ് തീരുവോളം
നീയെന്ന വിജ്ഞാനസാഗരമതിൽ നീന്തി-
ത്തുടിക്കുവാനാശയുണ്ടെനിക്കിന്നു ധീഷണാ...
ഏകാന്തചിത്തനായ് നീഹാരഭ്രമിയി-
ലെന്നേക്കുമെന്നെ നീ മറന്നിടല്ലേ.....
ഒരു യാത്രാമൊഴിയായ് സ്നേഹതീർത്ഥമാ-
യെൻ ഹൃദന്തം നിവേദ്യമായ് നല്കുന്നു ഞാൻ.

ഉണ്ണികൃഷ്ണൻ. കെ.പി
HST Malayalam

# പുകച്ചുരുളിൽപെട്ട യൗവനം




ഇന്ന് നമ്മുടെ സമൂഹത്തിൽ ലഹരി ഉപയോഗം ദിനംപ്രതി വർധിച്ചുവരികയാണ്.നമ്മുടെ പുതുതലമുറ ലഹരിക്ക് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്.അതിനാൽ തന്നെ നമ്മുടെ സമൂഹത്തിലെ അക്രമങ്ങളും വർധിച്ചുവരികയാണ്. സമൂഹത്തിലെ ഏറ്റവും വലിയ പ്രശ്നമായി ലഹരി ഉപയോഗം മാറിക്കൊണ്ടിരിക്കുകയാണ്. സിഗരറ്റ്, പുകയില,മദ്യം,പാൻപരാഗ് തുടങ്ങി നിരവധി ലഹരി വസ്തുക്കൾ ഇന്ന് നമ്മുടെ സമൂഹത്തിൽ സുലഭമാണ്. ഈ ലഹരിക്ക് ഏറ്റവുമധികം അടിമപ്പെടുന്നത് വിദ്യാർഥികളാണ്.

ലഹരി വിദ്യാർഥികളിൽ എത്തിക്കാൻ നമ്മുടെ സമൂഹത്തിൽ വ്യത്യസ്തതരം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ലഹരി ഉപയോഗമാണ് സമൂഹത്തിൽ അക്രമങ്ങൾ വർദ്ധിക്കുവാൻ കാരണം. ലഹരിക്ക് അടിമപ്പെട്ട യുവാക്കൾക്ക് സ്വന്തം അമ്മമാരെയോ സഹോദരിമാരെയോ തിരിച്ചറിയാനാവുന്നില്ല. കൊലപാതകങ്ങളും പീഡനങ്ങളും കൊട്ടുംക്രൂരതകളും സമൂഹത്തിൽ വർദ്ധിക്കുന്നുണ്ടെങ്കിൽ അതിന് പ്രധാന കാരണം വർധിച്ചുവരുന്ന ഈ ലഹരി ഉപയോഗം മാത്രമാണ്. പുതുതലമുറയുടെ ഈ അധപതനം പതിയെ സമൂഹത്തിന്റെ നാശത്തിന് വഴിയൊരുക്കുന്നു.

ലഹരി ഒരു വ്യക്തിയെ മാത്രമല്ല ഒരു കുടുംബത്തെ കൂടിയാണ് തകർക്കുന്നത്. ആ കുടുംബത്തിന്റെ തകർച്ച പതിയെ സമൂഹത്തിലേക്കും പരക്കുന്നു. ലഹരി ഉപയോഗം മൂലം ഒരു വ്യക്തി തന്റെ കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്നു. ലഹരി എന്ന വസ്തുവിന് കുടുംബം ആകുന്ന ചില്ല പാത്രത്തെ തച്ചുടയ്ക്കാൻ ഉള്ള കഴിവുണ്ട്.

പലരും ലഹരിക്കടിമപ്പെടുന്നത് ജീവിതപ്രശ്നങ്ങൾ കാരണമാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്, എന്നാൽ അവർ മനസ്സിലാക്കുന്നില്ല യഥാർത്ഥത്തിൽ അവരുടെ പ്രശ്നങ്ങൾ ആരംഭിക്കുന്നത് അവർ ലഹരിക്ക് അടിമപ്പെട്ടു പോകുമ്പോഴാണ്.

മനുഷ്യമനസ്സിനെ കീഴ്പ്പെടുത്തുന്നത് എല്ലാം ലഹരി ആണെന്ന് വേണമെങ്കിൽ പറയാം. ചിലർക്ക് സംഗീത ലഹരി, മറ്റുചിലർക്ക് നൃത്തലഹരി അങ്ങനെ വ്യത്യസ്തമായ ലഹരികൾ. എന്നാൽ ഇതിൽനിന്നെല്ലാം തന്നെ തീർത്തും വ്യത്യസ്തമായി നമ്മുടെ



പുതുതലമുറ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു. മറ്റു ലഹരികൾ മനുഷ്യ മനസ്സിനെയാണ് കീഴ്പ്പെടുത്തുന്നത് എങ്കിൽ ലഹരി വസ്തുക്കൾ അടിമപ്പെടുത്തുന്നത് മനുഷ്യന്റെ തലച്ചോറിനെയും അവന്റെ പ്രവൃത്തികളെയും കൂടിയാണ്.

നമ്മുടെ രാഷ്ട്രപിതാവ് ആയിരുന്ന ഗാന്ധിജി സ്വപ്നം കണ്ടത് ലഹരി വിമുക്തമായ ഒരു സമൂഹത്തെയാണ്. ഞാൻ ഇന്ത്യയുടെ സ്വേച്ഛാധിപതി ആവുകയാണെങ്കിൽ ആദ്യം മദ്യശാലകൾ അടച്ചുപൂട്ടുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ചിന്താഗതികൾക്ക് എല്ലാം വിരുദ്ധമായി നമ്മുടെ സമൂഹത്തിൽ ലഹരി ഉപയോഗം കുത്തനെ ഉയർന്നു വരുന്നു. ലഹരിക്കടിമപ്പെട്ട ഒരു സമൂഹമല്ല നമുക്കാവശ്യം, സ്നേഹവും നന്മയും കൊടികുത്തി വാഴുന്ന ഒരു സമൂഹമാണ് നമുക്കാവശ്യം. അതിനാദ്യം ചെയ്യേണ്ടത് ലഹരിയുടെ ചങ്ങല പൊട്ടിച്ചെറിയുക.

ഒരു പുതുതലമുറയെ വാർത്തെടുക്കാം......

ഒരു പുതുസമൂഹത്തെ പടുത്തുയർത്താം.......

**അഞ്ജലി എം.ആർ**
**10.B**



# വില്ലൻ

<u>വീട്</u>

എന്റെ വീട് കുന്നിൻമുകളിലാണ്
അവിടെ നിന്ന് നോക്കിയാൽ വയലും പുൽമേടും കാണാം
സൗമ്യമായി ഒഴുകുന്ന കാട്ടുചോലയും
ക്ഷുഭിതമായി ഒഴുകുന്ന ആറും കാണാം

<u>മഴ</u>

പിന്നാമ്പുറത്ത് മാക്രി
കരയുന്നത് കാണാം
അംബരത്തിന്റെ ചുവന്ന
ഉടുപ്പിന്മേൽ
കരി പുരണ്ടിട്ടുണ്ട്
"കഴുകിയിട്ടുണ്ടാവില്ല, മടിച്ചി"
കാക്കക്കൂട്ടം ചിരിപാഞ്ഞ്
വീട്ടിലേക്ക് പോവുന്നുണ്ട്
"ഓരടെ അമ്മ ചീത്ത
പറഞ്ഞിട്ടുണ്ടാവും
ന്നാലും ,ന്തേ ഇന്ന് നേരത്തെ ? "
അമ്മ  അച്ഛനോടും ചേട്ടനോടും പറഞ്ഞു
"നല്ല മഴക്കോളുണ്ട് നേരത്തെ വന്നോളൂ
ഇടീം വെട്ടുന്നുണ്ട് "
മഴയെന്നും ഞങ്ങൾക്ക് പേടിസ്വപ്നമാണ്
അമ്മ പറഞ്ഞ കഥയിലെ വില്ലൻ



കല്യാണി. എം.ആർ
X. D

# ഒന്നുംപറയാതെ

വിരിഞ്ഞ
രക്തപുഷ്പങ്ങൾക്കിടയിൽ
വിരിയാൻ വെമ്പുന്ന കണ്ണീർ
പുഷ്പമായ്
സഫലജന്മം തേടി വെമ്പുന്നതാ
ആ സുന്ദര രക്തപുഷ്പം
പ്രകൃതി തൻ വരം കാത്തുനിൽ
ക്കുന്ന ആ വിശ്വപുഷ്പം തൻ
കണ്ണീർകാണുന്നില്ലൊരു ജനതയും
വിശ്വ സംരക്ഷനാം ഈശ്വരനും




മാരിയുടെ ഇളംതെന്നൽ വന്നുപോയ്
വേനലിൻ കൊട്ടും ഭീകരതയും പോയ്
വസന്തം തൻ സുഗന്ധകാലവും പോയ്
രക്തപുഷ്പം ഇന്നും വിരിഞ്ഞില്ല

യുഗങ്ങളിലോരോന്നിലും നന്മ തൻ
പ്രവാചകന്മാർ മാറി മാറി വന്നു
തിന്മ തൻ അസുരന്മാർ വിശ്വം
നശിപ്പിച്ചീടുവാൻ വന്നു
രക്തപുഷ്പം തൻ സഫലജന്മം
ഇനിയും പൂവണിഞ്ഞില്ല

പരിഹാസമെന്നോണം സകല ചില്ലകളിലും
പുഷ്പങ്ങൾ വിടർന്നു
പുഷ്പം തൻ സങ്കട കണ്ണീർ കാൺകെ
നൽകി വസന്ത ദേവതയാ പുഷ്പത്തിൻ
സഫലജന്മം

ആനന്ദ കണ്ണീരാൽ തൻ
സഫലജന്മം
വരവേറ്റ രക്തപുഷ്പം
വിരിഞ്ഞ തൻ ഇതളുകൾ
നോക്കി നില്ക്കെ
അതാ തന്നെ വിഴുങ്ങുന്നു
മാനുഷർ
തൻ ക്രൂരകൈകകൾ



സങ്കടത്താൽ ദേവന്മാരോടപേക്ഷിച്ചു
“വേണ്ടെനിക്കൊരിക്കലുമിനി സഫലജന്മം"
ഒന്നും പറയാതതാ പോകുന്നു ദേവൻ
ചുടു കണ്ണീർ വീഴ്ത്തിയതാനിൽക്കുന്നു
രക്തപുഷ്പം!

നിഹാല ബാദുഷ
9.A

# സൗഹൃദം

സ്നേഹം പങ്കുവെച്ച ആ നിമിഷങ്ങൾ മതിയെന്റെ
ജീവിതം സഫലമാകാൻ



അറിവിന്റെ വെട്ടമായ്, നന്മതൻ
ചില്ലയായ്
സ്നേഹത്തിൻ മിഴിനീർ
കണങ്ങളായി
സൗഹൃദം തേരിലേറി

വാക്കുകളാൽ വരച്ചിടാവുന്ന
ഒന്നല്ല സൗഹൃദം
അനന്ത സാഗരങ്ങൾ തൻ ഇളം
താളുകളിൽ
കുറിക്കപ്പെട്ട ചുടുചോരയാണെന്റെയുള്ളിലെ സൗഹൃദം

കാറ്റിലാടും പുൽനാമ്പുമല്ല,
തൊട്ടാൽ പൊട്ടുന്ന നീർക്കുമിളയുമല്ല
ഇടനെഞ്ചിന്റെ മിടിക്കും തുടിപ്പാണെന്റെ
ഉള്ളിലെ സൗഹൃദം

അക്ഷയ
10.B

## കുസൃതി ചോദ്യങ്ങൾ

1. ഒരു മുട്ട പുഴുങ്ങാൻ രണ്ടു മിനിറ്റ് വേണം .എങ്കിൽ അഞ്ചു മുട്ട പുഴുങ്ങാൻ എത്ര മിനിറ്റ് വേണം?

2. രണ്ട് മീറ്റർ താഴ്ചയുള്ള ഒരു കുഴിയിൽ എത്ര മണ്ണ് ഉണ്ടാകും?

3. ഒരു കവലയിൽ ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും പ്രതിമകളുണ്ട്. ഒരു കാക്ക നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും പ്രതിമയിൽ കാഷ്ഠിച്ചു, എന്തുകൊണ്ട് ഗാന്ധിജിയുടെ പ്രതിമയിൽ കാഷ്ഠിച്ചില്ല?

4. ഒരു നാൽക്കവല, ഒരു വശത്ത് കൂടെ ബസും മറുവശത്ത് കൂടെ ബൈക്കും അടുത്ത വശത്തിലൂടെ കാറും ഒരു വശത്തിലൂടെ കാളവണ്ടിയും വരുന്നുണ്ട് അപ്പോൾ അവിടെ എന്ത് നടക്കും?

5. ഒരു ടേബിളിൽ നാല് പ്ലേറ്റ് ആപ്പിൾ ഉണ്ട്, അതിൽ ഒന്ന് ആമിന കഴിച്ചു ബാക്കി എത്ര പ്ലേറ്റ് ഉണ്ട്?

6. ഇടതുകൈകൊണ്ട് തൊടാൻ പറ്റുന്നതും വലതുകൈകൊണ്ട് തൊടാൻ പറ്റാത്തതും എന്ത്?

# ഉത്തരങ്ങൾ

1. രണ്ടുമിനിറ്റ്

2. കുഴിയിൽ മണ്ണ് ഉണ്ടാകില്ല

3. ഗാന്ധിജിയുടെ കയ്യിൽ വടിയുണ്ട്

4. കാള

5. ആമിന പ്ലേറ്റ് അല്ല തിന്നുന്നത് അതുകൊണ്ട് നാല്  പ്ലേറ്റ് ഉണ്ട്

6. വലതുകൈയുടെ പുറംഭാഗം



# മരണവീട്



"എപ്പോഴാണ് ബോഡി എടുക്കുന്നത് രാജുവേട്ടാ ?"അയാൾ ചോദിച്ചു.ആ മരണ വീട്ടിൽ ആകെ നിശബ്ദത. നിശബ്ദത യിലൂടെ രാജുവേട്ടന്റെ തേങ്ങൽ പോലെയുള്ള ശബ്ദം അവിടെ മുഴങ്ങി.മക്കൾവരാനുണ്ട് എന്നുപറഞ്ഞ്തീരുമ്പോഴേക്കും മുറ്റത്തേക്ക് ഒരു കാർ കടന്നുവന്നു. "മക്കൾ എത്തി" എവിടെനിന്നൊക്കെയോ അശരീരി. അമ്മയെ കണ്ടിട്ടും മക്കളുടെ മുഖത്ത് ഒരു ഭാവമാറ്റവും ഇല്ല. ഒരിറ്റു കണ്ണീരു പോലും വന്നില്ല. മറിച്ച് അമ്മയോടൊപ്പം ചിരിച്ചുകൊണ്ട് ഒരു സെൽഫി,വാട്സ്ആപ്പിലും ഫേസ്ബുക്കിലും miss you mom എന്ന പോസ്റ്റ്. എന്നിട്ട് ഒരു ചോദ്യം "ബോഡി എടുക്കാൻ ആയില്ലേ,അടുത്ത ഫ്ലൈറ്റിന് ഞങ്ങൾക്ക് തിരിക്കണം". എല്ലാം കണ്ട് അച്ഛൻ നിസ്സഹായനായി നിന്നു.

അമൃത.എ

9.C

## അങ്ങ് തൈമാവിൽ...



വസന്തം

വന്നിറങ്ങിയ

അപ്പുറത്തെ

വീട്ടിലെ

സേതുവിന്റെ

പറമ്പ് നോക്കി

ദാ കാണ്മൂ

വൃക്ഷത്തലപ്പിൽ

തേൻ മാമ്പഴം

നുകരാൻ

അണ്ണാറക്കണ്ണന്മാർ

അതോടെ കഴിഞ്ഞു ഉടമ തൻ സമാധാനം

സന്തോഷവാനായി ഇരിക്കുമ്പോഴും

നീ ഇതു കണ്ടില്ലേ ശാന്തേ

വൃദ്ധന്റെ മൊഴി കേട്ട് സുന്ദര വീടും പരിഭ്രാന്തരായി

നിഷ്കളങ്കരായ അണ്ണാറക്കണ്ണൻമാർക്ക്

എന്തുണ്ട് വേറെന്തണയാൻ നുകരാൻ

ഭവന പണിക്കിട്ട ഉരുളൻ കല്ലുകൾക്ക്

ചിറകു കൊട്ടുന്ന പിള്ളേരെല്ലാം

പാവം ആ കണ്ണന്മാർ ഭൂമിയിലേക്ക് വീണതാ

പിള്ളേരിൽ ചെറുവൻ പറഞ്ഞത്    കേൾക്കണോ

"മുത്തശ്ശാ ദാ അങ്ങ് തൈമാവിൽ

കള്ളന്മാർ എല്ലാം വീണിരിക്കുന്നു..."



അഹമ്മദ് സിനാൻ വി വി

9.C

## വാക്ക്

വാക്കുകൾ പൂക്കളെ പോലെ
നേർത്ത സ്പർശത്താൽ പ്രണയത്തിനായി തേൻ
ചൊരിഞ്ഞ്നൊമ്പരങ്ങളായി അകംനിറഞ്ഞ്

മൂർച്ചയുള്ള മുള്ളുകളായി

കവചമായി

മനസ്സിൽ ചോര പൊടിഞ്ഞ്

ചരലുകളായി മുഖത്തെറിഞ്ഞ്

ക്രോധത്തിന്റെ കനലെരിഞ്ഞ്

അഗ്നിയായി ചാരമായി


കൈവിട്ട വാക്ക് പോലെ

ജീവിതവും

തിരിച്ചുനടക്കാനാവാതെ

ഇനിയെത്ര ദൂരം

വാക്കിനും ജീവിതത്തിനും



ഗീത. കെ. എസ്.

HST Malayalam

# മഴപ്പിറ്റേന്ന്

കാറ്റിനാൽ വീഴ്ത്തപ്പെട്ട ഒരു കൊച്ചുകിളിക്കൂട്

വൃക്ഷശാഖിയാൽ നെഞ്ചോട് ചേർക്കപ്പെടുമെന്ന

വ്യാമോഹമേന്തി മുറ്റത്ത് കിടക്കുന്നു

ആരും വരാനില്ലാത്ത ഗുൽമോഹറിന്റെ തണൽ

ചുവന്ന പൂക്കളാൽ ആരുടെയോ പ്രണയത്തിന്

ശരശയ്യ ഒരുക്കുന്നു

അറ്റമുണ്ടാകരുതെന്ന അതിമോഹത്താൽ

നടന്നു തീർന്ന വഴികളിന്ന്

തുടക്കവും ഒടുക്കവുമില്ലാ പെരുവഴിയായി നീളുന്നു

മറക്കാൻ ശ്രമിച്ചയാത്രകളെ ആരോ ഓർമ്മച്ചങ്ങലകൾവലിച്ച്,

പാതിയിൽ പിടിച്ച്നിർത്തുന്നു



ഒറ്റയ്ക്കു തടവിലാക്കപ്പെട്ട പാതാള

വാതിലിൽ ഇത്തിരി വെട്ടംവരച്ച

രേഖാചിത്രവും ശ്യാമവർണമാകുന്നു

സുബീന. പി.പി

HST Malayalam

# കുറുങ്കവിതകൾ



## പുഴ

ആകാശത്തിന്റെ

സങ്കടങ്ങളേറ്റ് വാങ്ങി

മനസ്സ് തരിശാക്കിയവൾ

## ആകാശം

മുല്ലപ്പൂ വാരി വിതറി

ചന്ദ്ര ശോഭയണിഞ്ഞപ്പോളും

പൗർണമിയകറ്റി വന്ന

അമാവാസിയെ പ്രണയിച്ചവൾ

## കടൽ



പുഴയെന്ന കാമുകിയെ

വശീകരിച്ചെടുത്ത്

ഉപ്പിലിട്ട് ഭരണിയിലാക്കി

സ്വന്തമാക്കിയെടുത്തവൻ

നജീബ് .പി.എം

(HST Malayalam)

## മാറ്റങ്ങളുടെ മാറ്റം

പീ......പീ

അമ്മു "Are you ready? the bus arrived" അമ്മയുടെ താളത്തിലുള്ള വിളികേട്ട് അമ്മു ഒന്ന് ഭയക്കുകയും കയ്യിലുള്ള കുപ്പിവളകൾ കിലുക്കുകയും ചെയ്തു. അവൾ പറഞ്ഞു: ശരി അമ്മേ

" no stop it"നിന്നോട് എത്ര തവണ പറഞ്ഞിട്ടുണ്ട് മലയാളം സംസാരിക്കരുതെന്ന് ഇനി ഇത് ആവർത്തിച്ചാൽ........ " sorry mama.... I am sorry"

അവൾ വേഗം ബസ്സിൽ കയറി. ബസ് അതിവേഗം പോയി കൊണ്ടിരുന്നു. പട്ടണത്തിലെ കോൺക്രീറ്റ് സൗധങ്ങൾ ആരെയൊക്കെയോ ഭയന്നു മറയുന്നു. അമ്മു തന്റെ മനസ്സിലെ ചിന്തകളെ വലിയൊരു പെട്ടിയിൽ നിന്നും സ്വതന്ത്രമാക്കി * * *

* * * *അമ്മു.... വന്നു.... കിടക്ക് .എനിക്ക് അമ്മൂമ്മയുടെ കൂടെ കിടന്നാൽ മതി .ഒരു ചെറിയ സുന്ദരമായ ഗ്രാമത്തിലെ വീട്ടിലായിരുന്നു ആ കൊച്ചു കുടുംബം താമസിച്ചിരുന്നത് .പാടത്ത് പണി ചെയ്തിട്ടായിരുന്നു അവർ ജീവിച്ചിരുന്നത്. എല്ലാവരുടെയും സ്നേഹം കൈപ്പറ്റിയ അമ്മു. ആയിടക്കാണ് അച്ഛൻ പുതിയ വീട് പണിയാൻ തുടങ്ങിയത്. കണ്ടപ്പോൾ ആദ്യം അവർക്കും ഇഷ്ടമായി. പക്ഷേ വീട്ടിൽ താമസമാക്കിയപ്പോഴാണ് അമ്മുവിന് വിഷമമായത് .പൂമ്പാറ്റ ഇല്ലാത്ത വീട്, കിളികൾ ഇല്ലാത്ത വീട്

.അമ്മൂമ്മയ്ക്ക് പിന്നെ സുഖം ഇല്ലാതായി. അമ്മൂമ്മയുടെ മരണം ആ കുഞ്ഞു മനസ്സിന്റെവെളിച്ചം നഷ്ടപ്പെടുത്തി. പിന്നെ അമ്മ അമ്മുവിനെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പിച്ചു. അമ്മുവിന് സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. പട്ടണജീവിതം അമ്മയെ മാറ്റിമറിച്ചു.അവൾ ഒന്ന് നെടുവീർപ്പിട്ടു.

* * * * * *



"ammu ...what is your problem?

are you alright?"

കൃഷ്ണയാണ് അമ്മുവിൻറെ കൂട്ടുകാരി.

" no problem Krishna, I am happy"

ദേ സ്കൂളിലെത്തി വാ ........... ഉം

അമ്മു ക്ലാസിലേക്ക് നടന്നു. അവൾ നടക്കുമ്പോൾ ഓരോ കാലടിപ്പാടുകളും കരഞ്ഞുകൊണ്ടിരുന്നു. എല്ലാ പൂക്കളും അവളെ നോക്കി സഹതപിച്ച കൊണ്ടിരുന്നു. പക്ഷേ സൂര്യൻ മാത്രം അവളെ നോക്കി പ്രതീക്ഷയോടെ പുഞ്ചിരിച്ചുകൊണ്ട് മേലെ കാർ മേഘങ്ങൾക്കിടയിൽ മറഞ്ഞു.

ആമിനഹിബ.കെ.വി

IX.C

## കുടിവെള്ളം

വേനൽക്കാലമായാൽ നമ്മളെല്ലാവരും വെള്ളത്തിനു വേണ്ടി അലയും. എല്ലാവരുമില്ലെങ്കിലും, വെള്ളത്തിനു വേണ്ടി കഷ്ടപ്പെടുന്നവർ...... ഞാനിവിടെ എഴുതുവാൻ ഉദ്ദേശിക്കുന്നത് കുടിവെള്ളത്തിന് കഷ്ടപ്പെടുന്ന കുറച്ചുപേരുടെ കഥയാണ്



ഒരു ചെറിയൊരു ഗ്രാമം. അവിടെ ഒരുകാലത്തും കുടിവെള്ളക്ഷാമം ഉണ്ടാകാറില്ല. കാരണം അവിടെ എല്ലാ വീട്ടിലും കിണറുകൾ ഉണ്ട്. എല്ലാ കിണറ്റിലും ശുദ്ധമായ കുടിവെള്ളമാണ് .പക്ഷേ അവിടെ കുറച്ച് അപ്പുറത്ത്, കുന്നിൻ താഴെ ഒരു വീടുണ്ട്. ആ വീട് ഒറ്റപ്പെട്ടിട്ടാണ്. അവർ കുടിവെള്ളത്തിനു വേണ്ടി മേലെ ഉള്ള വീട്ടിലേക്കാണ് പോകാറ്. അങ്ങനെ ഇവർ ഒരുപാട് കഷ്ടപ്പെട്ട് ഒരു കിണർ കുത്തി. ആ കിണറ്റിൽ നല്ല ശുദ്ധമായ ജലം ആയിരുന്നു. കുറച്ചു നാളുകൾക്ക് ശേഷം കിണറ്റിലെ വെള്ളം ചെളിവെള്ളമായി. ആകെ നശിച്ചു. അവിടെ വീണ്ടും കുടിവെള്ളം കിട്ടാതായി . പക്ഷേ തീർന്നില്ല ,അവർ പിന്നെയും മുകളിൽ നിന്ന് കുടിവെള്ളം കൊണ്ടുവരാൻ തുടങ്ങി. രണ്ട് ദിവസം കൊണ്ടു വന്നപ്പോഴേക്കും അവിടുത്തെ ആൾ പറഞ്ഞു ഇനി ഇവിടെ നിന്ന് വെള്ളം കൊണ്ടു പോകേണ്ട. അയാൾ അതു പറയാൻ കാരണം കടുത്ത വേനൽ എത്തിക്കഴിഞ്ഞിരുന്നു. ആദ്യമായിട്ടായിരുന്നു ഇങ്ങനെയൊരു വേനൽ. അവിടുത്തെ കുടിവെള്ളം വറ്റാറായിട്ടുണ്ടായിരുന്നു. അങ്ങനെ ഇവർ വേറെ വീട്ടിലേക്ക് വെള്ളം തേടി പോയി.ഏതു വീട്ടിൽ ചെന്നാലും ഇതുതന്നെ സ്ഥിതി. അങ്ങനെ ഇവർ

കാലിക്കുടവുമായി വീട്ടിലേക്ക് മടങ്ങി. ഇവരുടെ കിണറ്റിൽ ആണെങ്കിൽ വെള്ളം നിറയെ ഉണ്ട്. പക്ഷേ കുടിക്കുവാൻ കഴിയില്ല. ചീത്ത വെള്ളമെങ്കിൽ ചീത്ത വെള്ളം, അതുതന്നെ കുടിച്ചു. കുറച്ചു നാളുകൾക്കു ശേഷം മുകളിലുള്ള എല്ലാവരും താഴത്തെ വീട്ടിലേക്ക് വന്നു , കുടിവെള്ളത്തിനായി. താഴത്തെ വീട്ടിലെ വെള്ളമാകട്ടെ കുറച്ച് ശരിയായി. കുടിക്കുവാൻ പറ്റും .തീരെ വറ്റാത്ത കിണറാണത്. അങ്ങനെ താഴത്തെ വീട്ടുകാർ പറഞ്ഞു വെള്ളം എടുത്തോളൂ കുഴപ്പമില്ല. അവർക്ക് ആശ്വാസമായി. അവർ അവിടെ നിന്ന് തന്നെ വെള്ളം എടുത്തു. ആ ഒരു കിണർ കൊണ്ട് എല്ലാ വീടും രക്ഷപ്പെട്ടു.

ഇതിൽ നിന്നും എന്തു മനസ്സിലായി, വെള്ളം നമ്മുടെ കൈവശമുണ്ടെങ്കിൽ അത് ചോദിച്ചു വരുന്നവർക്ക് കൊടുക്കണം. ഉണ്ടായിട്ടും കൊടുക്കാതെ ഇരിക്കരുത്. നാളെ നമുക്കും ഈ അവസ്ഥ വരാം.

സ്നേഹ

IX. C

## തോരാമഴയത്ത് ഞാൻ

അവൾ പടിയിറങ്ങി, നീണ്ട പാതയിലൂടെ നടക്കുകയാണ്. അവളുടെ കണ്ണീർ തുള്ളിയെ പോലും അലിയിച്ചു കളയാൻ കഴിയുന്ന മഴ.



അമ്മയോടൊത്തുള്ള മനോഹരമായ നിമിഷങ്ങൾ അവളുടെ കാതുകളിൽ മിന്നിമറയുന്നു. അമ്മ കൈനിറയെ കുപ്പിവളകൾ മേടിച്ച ആ നിമിഷങ്ങൾ മനസ്സിൽ ഇന്നും അടർത്തി മാറ്റാൻ കഴിയാത്തതായി നിൽക്കുന്നുണ്ട്. അവൾക്കറിയാം 2 വർഷം മുമ്പ് അവളോട് വിട പറഞ്ഞതാണ് അവളുടെ അമ്മ. ആ വിഷമത്തിന് 1000 ടൺ കണക്കിന് ഭാരമുണ്ട്. അവളുടെ കണ്ണീർ കണങ്ങൾ ഒന്ന് ശാന്തമായി. അതുപോലെ തന്നെ യക്ഷിയായി പെയ്ത മഴ ഒരു ഇലയെ പോലെ ശാന്തമായി. കണ്ണിൽ നിന്ന് വീഴുന്ന ഓരോ കണ്ണുനീർത്തുള്ളിക്കും പറയാനുണ്ട് അമ്മയുമൊത്തുള്ള നിമിഷങ്ങൾ. രണ്ടുവർഷത്തിനു മുമ്പ് ന്യൂ ഇയർ ആഘോഷത്തിന് പങ്കെടുത്തു കൊണ്ടിരിക്കുകയായിരുന്നു. പരിപാടിയും ആഘോഷവുമെല്ലാം കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ 12

മണിയായി. അമ്മയുടെ മൂക്കിൽനിന്ന് സിന്ദൂര വർണ്ണം പോലെ രക്തം വാർന്ന് ഒഴുകുന്നുണ്ടായിരുന്നു. അമ്മയുടെ അസഹനീയമായ വേദന കൊണ്ടുള്ള കരച്ചിൽ അച്ഛനെയും അവളെയും വല്ലാതെ തളർത്തി. ആശുപത്രിയിലേക്ക് 5 കിലോമീറ്റർ ദൂരമുണ്ട്. അച്ഛൻ വേഗം കാർ എടുത്തു. സീറ്റിൽ വിരിച്ച ടർക്കിയിൽ അമ്മയുടെ രക്തം വാർന്നൊലിക്കുന്നുണ്ട്. ആശുപത്രിയിലെത്തി ഒരു മണിയായപ്പോൾ രക്തസ്രാവം നിന്നു. ഡോക്ടറെ കണ്ട് മടങ്ങുമ്പോൾ ഡോക്ടർ പറഞ്ഞിരുന്നു, ഒന്നുരണ്ട് ടെസ്റ്റുകൾ നാളെ വന്ന് ചെയ്യണമെന്ന്. പിറ്റേദിവസം ഞങ്ങൾ പോയി ടെസ്റ്റുകളെല്ലാം ചെയത് റിസൾട്ടിനുള്ള കാത്തിരിപ്പാണ്. അച്ഛൻ റിസൾട്ട് മേടിച്ച് വായിച്ചു. അച്ഛൻ ആകെ വിയർക്കുന്നു. കണ്ണുകൾ നിറയുന്നു .അവളുടെ ഹൃദയം പടപടാ ഇടിച്ചു. ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചു. ഒരു നേഴ്സ് ഡോക്ടർ അന്വേഷിക്കുന്നു എന്നു പറഞ്ഞു. അച്ഛനും അമ്മയും അവളും ഡോക്ടറിന്റെ അടുത്തെത്തി. ഡോക്ടർ പറഞ്ഞ വാക്കുകൾ അവളുടെ ഹൃദയത്തിൽ അമ്പുകളായി തുളച്ചു കയറി. അങ്ങനെ മനസ്സിലായി അമ്മയ്ക്ക് കാൻസർ ആണെന്ന് . പത്തിൽ ഒരംശം മാത്രമേ അമ്മയ്ക്ക് ജീവൻ തിരിച്ചു കിട്ടാനുള്ള സാധ്യതയുള്ളൂ. അമ്മയെ കാണുവാൻ വേണ്ടി ആളുകൾ നിരന്തരമായി വന്നു പോകുന്നുണ്ട്. അവധിക്കാലമായതിനാൽ അച്ഛനും വീട്ടിലുണ്ട് വൈകുന്നേരം അഞ്ചു മണിയായി അമ്മ പെട്ടെന്ന് രക്തംചർദ്ദിച്ചു. അച്ഛൻ വീട്ടിലില്ല .അച്ഛനെ ഫോൺ ചെയ്തു അവൾ വിളിച്ചു വരുത്തി. രണ്ടുപേരും അമ്മയുടെ അരികിലെത്തി, അമ്മയെ ചേർത്തുപിടിച്ചു. അമ്മയുടെ ശ്വാസം നിലച്ചു. അവളുടെ കരങ്ങൾ

തളർന്നു. അമ്മയെ നിലവിളക്കിനു മുമ്പിൽ കിടത്തി. അവളുടെ മനസ്സിൽ അമ്മയ്ക്ക് ദൈവത്തിന്റെ സ്ഥാനമാണ്. അമ്മ ദൈവമാണ്, അതുകൊണ്ടാകാം നിലവിളക്കിനു മുൻപിൽ അമ്മയെ കിടത്തി യിരിക്കുന്നത്. അവളുടെ ഓർമ്മയ്ക്ക് 2 വർഷം പഴക്കമായി. പെട്ടെന്ന് തോരാമഴ ശാന്തമായി പിന്നിൽ നിന്നും വിളി കേട്ടു അവളുടെ രണ്ടാനമ്മ രാത്രിയും അവളെക്കൊണ്ട് പണിയെടുക്കുവാൻ വിളിക്കുകയാണ്. ഇപ്പോൾ രണ്ടാനമ്മയുടെ ഭരണമാണ് വീട്ടിൽ. എതിർത്ത് അച്ഛനും മുത്തശ്ശനും മുത്തശ്ശിക്കും ഒന്നും പറയാൻ പാടില്ല. എല്ലാത്തിനും ഒരു പരിഹാരമുണ്ടാകുമെന്ന് അവൾ ചിന്തിച്ചു. തണുപ്പുള്ള ആ രാത്രിയിൽ അമ്മയുടെ ആത്മാവ് ആ വീട്ടിൽ സമാധാനത്തിന്റെ പ്രതീകമായി അലയുന്നു. പുതു മണ്ണിന്റെ മനോഹരമായ ഗന്ധം ഒട്ടാകെ പരക്കുന്നു.

ആര്യ.കെ
IX. E



# മാരിക്കിടാവ്



ഒന്നും പറയാതെയവൾ വിട
പറഞ്ഞു വന്നു
ഭൂമിയുടെ മടിത്തട്ടിൽ അവൾ
പെറ്റുവീണു
മരതക വള്ളിയിൽ ചില്ലകളി
ലവൾ ഊയലാടി
കാറ്റൊന്നവളെ പറത്തി
വിട്ടു.....
ഇടിയൊന്നു പൊട്ടിച്ചിരിച്ചു
അവൾ തൻ വേർപാടിനെ
ചിലനേരം ചരലൊന്നെറിയും
ചിലനേരം  ഉമ്മ വെച്ചവൾ
തൊട്ടു പോയിട്ടും
വൃക്ഷ വൃക്ഷാന്തരങ്ങളവളെ
തലയാട്ടി സ്വീകരിച്ചു
മഞ്ഞിൽ തണുത്തവൾ തൊട്ടറിഞ്ഞു
പുല്ലുകളിൽ പൂങ്കാവനങ്ങളിൽ
തുള്ളി നടന്നു
അധ്വാനത്തിൽ മണ്ണിലവൾ
പിടഞ്ഞു വീണു
മലമുകളിൽ തങ്ങാതെ
മരങ്ങളിൽ കുടുങ്ങാതവൾ നമ്മളെ തേടിവന്നു

നദികളിൽ സാഗരങ്ങളി-
ലവൾ നിറഞ്ഞുനിന്നു
കോകിലങ്ങൾ പാടി അകലെ
പൂനിലാ ചന്ദ്രൻ
താരക മാല ചാർത്തി
ആദിത്യൻ തിരികെ വന്നവളെ
കൊണ്ടുപോയി
ഒന്നും പറയാതവൾ
വിട പറഞ്ഞകന്നുപോയി.....

മായാവിയായി  മനുഷ്യൻ
എല്ലാം  നേടി
തൻ  കൈകളിലൊതുക്കി
പ്രകൃതിയുടെ നിഴലിനെ
അകറ്റിമാറ്റുന്നു.
പിഞ്ചുചിറകിനെ നുള്ളി
നോവിച്ച്
ക്രൂരമൃഗമായ് മനുഷ്യജന്മം
കുന്ന്, വയലിപ്പോൾ
ഫ്ലാറ്റ് വലിയ ഗോപുരങ്ങളായി
സ്നേഹകരുണകളിപ്പോൾ
ജാതിമതമായി



ശരണ്യ.കെ,  IX.A

# മഴയുടെ വിലാപം

കാർമേഘമാകെ ഇരുൾമൂടിനിൽ-
ക്കുമാ ഇടവപ്പാതിയും കാറ്റിൽ ആടി
യുലയും വൃക്ഷവും....
കോരിച്ചൊരിയുമാ നിന്നുടെ
ഒരു തുള്ളി പെരുവെള്ളം
പ്രകൃതിയോട് നാം ചെയ്യു-
ന്നതിന് ഈശ്വരൻ തരുമാ-
ശിക്ഷയാം മഴയുടെ പ്രതിഷേധം
എന്തിനാ മനുഷ്യ പ്രകൃതിയോടീ-
ക്രൂരത, മനുഷ്യാ, പ്രകൃതി വരദാന-
മാണ് മഴ

ശ്രീലക്ഷ്മി.എസ്
IX. C



# യോഗ





## കുറ്റിക്കണ്ടൽ

പുലർച്ചെ തുടങ്ങിയ അലച്ചിലിനൊടുവിൽ കണ്ണൂരിൽ നിന്നും ട്രെയിൻ കയറി ഒന്നോരണ്ടോ സ്റ്റേഷനുകൾ പിന്നിട്ടപ്പോഴേക്കും ഞാൻ ഉറക്കത്തിലേക്ക് ടിക്കറ്റ് എടുത്തിരുന്നു. അതിനാൽ അവൾ ഏതു സ്റ്റേഷനിൽ നിന്നാണ് കയറിയത് എന്ന് ഞാൻ കണ്ടിരുന്നില്ല.



ഇടയ്ക്കെവിടെയോ നിർത്തിയിട്ട എന്റെ ട്രെയിനിന്റെ എതിർദിശയിലേക്ക് കടന്നുപോയ മറ്റൊരു എക്സ്പ്രസിന്റെ അലർച്ചയാണ് ഉറക്കത്തിൽ നിന്നും എന്നെ ഉണർത്തിയത്.

ജനാലയ്ക്കപ്പുറം നേർത്ത വെളിച്ചത്തിൽ രാത്രിയുടെ നോവ് ഏറ്റുവാങ്ങുന്ന നിശ്ചലമായ പുഴക്കരയുടെ ചെളിച്ചതുപ്പിൽ നിന്ന് പ്രതീക്ഷയുടെ തല ഉയർത്തി വിളങ്ങിയ ആകാശം കാണാൻ കൊതിക്കുന്ന *കുറ്റിക്കണ്ടലുകളുടെ പുതുനാമ്പുകൾ..

ആ കാഴ്ചയുടെ അവസാനം അവളായിരുന്നു എതിരെയുള്ള സീറ്റിൽ, നിറയെ മുയൽ കുഞ്ഞുങ്ങളുടെ ചിത്രങ്ങളുള്ള പാന്റും

നീളൻ കൈയുള്ള ടോപ്പും ധരിച്ച് തോളൊപ്പം മുറിച്ച മുടിയുള്ള 8 വയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടി. മുഖം മുക്കാലും മറച്ച് ചെവിയിലവസാനിക്കുന്ന, അവൾക്കു ചേരാത്ത ഒരു വലിയ മാസ്കും ധരിച്ച്. അവളോട് ചേർന്ന് മങ്ങിപ്പോയ കണ്ണുകളുള്ള ഒരുമ്മയും.

എപ്പോഴും കയ്യിൽ കരുതാറുള്ള അല്പം നീണ്ട ചിരി അവൾക്കായി കൊടുത്തു. തിരിച്ചും ചിരിച്ചുവെന്ന് മാസ്ക് മറക്കാത്ത അവളുടെ കുഞ്ഞിക്കണ്ണുകളുടെ തെളിച്ചത്തിൽ നിന്നും ഞാനൂഹിച്ചു.



രാത്രിയിൽ കുടിച്ച അമ്മിഞ്ഞപ്പാലിന്റെ തുള്ളികൾ കവിളിലുണങ്ങിയ പാടുമായി ഉറങ്ങുന്ന വാവക്കുട്ടിയെ ഉണർത്താതെ, ഒരു കുഞ്ഞുമ്മ കൊടുത്ത്, ബെഡ്ഡിന് താഴെ കിടന്ന പുതപ്പെടുത്ത് മോനെ പുതപ്പിച്ച് പുലർച്ചെ വീട്ടിൽനിന്ന് പ്രതി എസ്കോർട്ട് ഡ്യൂട്ടിക്കായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് പുറപ്പെട്ടതാണ്.

മക്കൾ വാങ്ങിയ ചോക്ലേറ്റിലൊന്ന് ബാഗിൽ നിന്നെടുത്ത് അവൾക്ക് നേരെ നീട്ടിയെങ്കിലും ഒരു പുഞ്ചിരിയോടെ ഉമ്മയെ നോക്കി അവൾ അതു നിഷേധിച്ചു

ഇടയ്ക്കെപ്പോഴോ ഏട്ടൻ വീഡിയോ കോൾ വിളിച്ചു. രാത്രി വൈകിയിട്ടുംഞാൻ തിരിച്ചെത്താത്തതിനാൽ വിശപ്പ് സഹിച്ച്, പിണങ്ങിക്കരയുന്ന വാവക്കുട്ടിയേയും ഞാൻ വന്നിട്ടേ ഹോംവർക്ക് ചെയ്യൂ എന്ന് വാശി പിടിക്കുന്ന മകനെയും വീഡിയോ കോളിൽ കണ്ടതിനു ശേഷം. അവളെന്നോട് പതുക്കെ കൂട്ടുകൂടിത്തുടങ്ങി.

അവളുടെ മുഖത്തെ മാസ്ക് ഞങ്ങൾക്കിടയിൽ അനാവശ്യമായ അകലം സൃഷ്ടിക്കുന്നത് എന്നിൽ അസ്വാരസ്യം ഉണ്ടാക്കി. മുഖം കാണാത്ത ഈ ഒളിച്ചുകളി അവസാനിപ്പിക്കണമെന്ന് തോന്നി.

ഒടുവിൽ രണ്ടും കല്പിച്ച് അവളുടെ ഉമ്മയോട് ചോദിച്ചു.

പെട്ടെന്നൊരിക്കലവൾ തലചുറ്റി വീണതും, പിന്നീട്, നട്ടെല്ലിന് ഇഞ്ചക്ഷനും കീമോയുമായി കഴിഞ്ഞ RCC യിലെ എണ്ണമറ്റ ദിനങ്ങൾ.... ഇഷ്ട ഭക്ഷണത്തിനായി വാശിപിടിക്കുന്ന അവൾക്കായി ഭക്ഷണമുപേക്ഷിച്ച് രാപ്പകലില്ലാതെ വ്രതമെടുത്തതും ... മറ്റും... മറ്റും.

കുട്ടികളുടെ ക്യാൻസർ വാർഡിലെ ഉറക്കമില്ലാത്ത ഒരായിരം അമ്മക്കണ്ണുകൾ എപ്പോഴും പ്രതീക്ഷയോടെ തുറന്നു മാത്രമിരിക്കുന്നത് എനിക്കും കാണാമായിരുന്നു.

ആ മാസ്ക് .... RCC യിലെ ഈ മാസത്തെ മന്ത്‌ലി ചെക്കപ്പ് കഴിയുംവരെ മരണക്കഴുകൻ അവളെ കാണാതിരിക്കാനുള്ള അവളുടെ ഉമ്മയുടെ കരുതൽ ആയിരുന്നു.

എന്റെ ഇരു കാതുകളെയും അടപ്പിച്ച് മറ്റൊരു എക്സ്പ്രസ്സ് കൂടി കടന്നു പോയെങ്കിൽ എന്ന് ഞാൻ വൃഥാ മോഹിച്ചു.

ഇരുകരയിലും ഉണങ്ങിവരണ്ട താമരപ്പാടങ്ങളും പിന്നിട്ട് ട്രെയിൻ എപ്പോഴോ എന്റെ സ്റ്റേഷനോടടുത്തിരുന്നു.

ആ നീണ്ട മുടിയിഴകളിൽ തഴുകി മാസ്കിന്റെ ചരട് ചെവിയിൽ ഒന്നും കൂടി ചേർത്ത് ഉറപ്പിക്കവേ, മാസ്കിനകത്തുള്ള അവളുടെ കുഞ്ഞുകവിളിൽ എനിക്ക് ഉമ്മവെക്കാൻ തോന്നി. എന്റെ നിശ്വാസം അവളെ വേദനിപ്പിക്കുമെന്ന് ഭയന്ന് ഞാനവളുടെ വിളറിയ കൈവെള്ളയിൽ ചുണ്ടുകൾ ചേർത്തു.

കമ്പാർട്ടുമെന്റിലെ നേർത്ത വെളിച്ചത്തിൽ വിറക്കുന്ന



അമ്മക്കൈകളാൽ അവളെ മുറുക്കി എന്റെ നെഞ്ചോട് ചേർത്തു. വാക്കുകൾ തൊണ്ടയിൽ തടഞ്ഞ്, കണ്ണിലൂടെ പുറത്തേക്കൊഴുകി.

തുടക്കത്തിലെ വൈകിയ ട്രെയിൻ പോകണമെന്ന മുറവിളി പോലെ അപ്പോഴേക്കും കൂകി തുടങ്ങി.  പുലർച്ചെ തുടങ്ങിയ ഡ്യൂട്ടിക്കൊടുവിൽ വീട്ടിലെത്തിയിട്ടും മനസ്സ് അസ്വസ്ഥമായിരുന്നു.

ഉള്ളിലപ്പോഴും നേർത്ത വെളിച്ചത്തിൽ ചെളിച്ചതുപ്പിൽ നിന്നും അമ്പിളിമാമനെയും നക്ഷത്രങ്ങളെയും കാണാൻ പ്രതീക്ഷയോടെ തലനീട്ടുന്ന ഒരായിരം കുറ്റിക്കണ്ടലുകളുടെ ചിത്രമായിരുന്നു. അവർക്കിടയിൽ, മാസ്ക്ക് ധരിച്ച ഒരു മുഖവും പുഞ്ചിരിക്കുന്ന രണ്ടു കുഞ്ഞിക്കണ്ണുകളും.........

*കുറ്റിക്കണ്ടൽ – ഒരിനം കണ്ടൽച്ചെടി.

സുബീന. പി.പി

HST Malayalam

# സ്കൂൾ ലൈബ്രറി

**"Library**

**a healing place of the soul"**

**ആത്മാവിനുള്ള ആതുരാലയമാണ് പുസ്തകാലയങ്ങൾ**


**(ഈജിപ്ഷ്യൻ ടെംപിൾ ലൈബ്രറിയുടെ പൂമുഖത്ത് എഴുതിയ വാക്യം )**




**കേരളം വിദ്യഭ്യാസമേഖലയിൽ വിപ്ലവകരമായ ചുവടുകൾ വച്ച മുന്നേറിക്കൊണ്ട് സാർവ്വദേശീയതലത്തിൽ ശ്രദ്ധാകേന്ദ്രമായി മാറിക്കൊണ്ടിയിരിക്കുകയാ ണ്.അന്തർദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ട കേരളത്തിന്റെ വിദ്യഭ്യാസ മാതൃക കാലാനുസൃതമായി നിരവധി പരിഷ്കരണങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്നു.**

പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി മാറുമ്പോൾ ക്ലാസ് മുറികൾ ഡിജിറ്റൽ ക്ലാസ് മുറികളാകുന്നു . സ്കൂൾ ലൈബ്രറികൾ കുട്ടികളുടെ വായനാഭിരുചി വളർത്തിക്കൊണ്ട് മികവിന്റെ അക്കാദമിക കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. ഒരു വിദ്യാലയത്തിന്റെ അക്കാദമിക നിലവാരം ഉയർത്തുന്നതിൽ പാഠ്യ വിഷയങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളും പ്രധാനപ്പെട്ടതാണ് ഇക്കാര്യത്തിൽ സ്കൂൾ ലൈബ്രറികൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ് സോഷ്യൽ മീഡിയയുടെ അതിപ്രസരകാലത്ത് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വായനാശീലത്തെ തിരിച്ചുകൊണ്ടുവരുന്നതിന് സ്കൂൾ ലൈബ്രറികൾക്ക് നിർണായക സ്വാധീനം വഹിക്കാനുണ്ട് .ആറു പതിറ്റാണ്ടിന്റെ അറിവനുഭവ സമ്പത്തുള്ള എടപ്പാൾ ഗവൺമെന്റെ ഹയർ സെക്കന്ററി സ്കൂൾ ലൈബ്രറി സമാനതകളില്ലാത്തതും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് .ഓരോ കുട്ടിയുടെയും സവിശേഷതകളും പരിമിതികളും തിരിച്ചറിഞ്ഞ് ഉചിതമായ ഇടപെടലുകളിലൂടെ വ്യക്തിഗതമായ മികവും കഴിവും

**പരിപോഷിപ്പിച്ചുകൊണ്ട് മികച്ച വായനാ ശീലവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഭാവി തലമുറയെ വാർത്തെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് എടപ്പാൾ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ നടത്തുന്നത്.**



**രവീന്ദ്രൻ. കെ.ആർ**
**ലൈബ്രേറിയൻ**

# നന്ദിപൂർവ്വം

## ലിറ്റിൽ കൈറ്റ്സ്, ജി.എച്ച്.എസ്. എടപ്പാൾ



















